# ഹോളീ ഹംസത്തിന്റെ വിശേഷതകൾ

ഇന്ന് സർവ്വ കുട്ടികളെയും വിശേഷ ആത്മാവാക്കുന്ന ബാപ്ദാദ ഓരോ ഹോളീ ഹംസത്തിന്റെ വിശേഷ തകളെയും കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഹംസത്തിന് നിർണ്ണയിക്കാനും തിരിച്ചറിയാനുമുള്ള ശക്തി വിശേഷിച്ചും ഉണ്ടായിരിക്കും അതിനാൽ ഗ്രഹിക്കാനുള്ള ശക്തിയും വിശേഷിച്ചിട്ടുണ്ടാകും, മുത്തും കല്ലും- രണ്ടിനെയും തിരിച്ചറിയുന്നു, വേർതിരിക്കുന്നു, അതിന് ശേഷം മുത്ത് മാത്രം ഗ്രഹിക്കുന്നു, കല്ലു കൾ ഉപേക്ഷിക്കുന്നു. അതിനാൽ തിരിച്ചറിയുക, നിർണ്ണയിക്കുക, ഗ്രഹിക്കുക അർത്ഥം ധാരണ ചെയ്യുക- മൂന്ന് ശക്തികളുടെ വിശേഷത കാരണം സംഗമയുഗീ സരസ്വതി മാതാവിന്റെ സവാരിയായി ഹംസത്തിനെ കാണിച്ചിരിക്കുന്നു. അതിനാൽ ഒരു സരസ്വതി അമ്മയുടെ സ്മരണ മാത്രമല്ല എന്നാൽ അമ്മയ്ക്ക് സമാ നമായി മാറുന്ന ജ്ഞാന വീണ വായിക്കുന്നവർ നിങ്ങളെല്ലാവരുമാണ്. ഈ ജ്ഞാനം ധാരണ ചെയ്യുന്നതി നായി ഈ മൂന്ന് വിശേഷതകൾ വളരെ ആവശ്യമാണ്. നിങ്ങളെല്ലാവരും ബ്രാഹ്മണ ജീവിതം ധാരണ ചെയ്തപ്പോൾ തന്നെ ജ്ഞാനത്തിലൂടെ വിവേകത്തിലൂടെ ആദ്യം തിരിച്ചറിയാനുള്ള ശക്തിയുടെ ആധാ രത്തിൽ തിരിച്ചറിഞ്ഞു, സ്വയത്തെ തിരിച്ചറിഞ്ഞു, സമയത്തെ തിരിച്ചറിഞ്ഞു.തന്റെ ബ്രാഹ്മണ പരിവാ രത്തെ തിരിച്ചറിഞ്ഞു, തന്റെ ശ്രേഷ്ഠമായ കർത്തവ്യത്തെ തിരിച്ചറിഞ്ഞതിന് ശേഷം നിർണ്ണയിച്ചു അപ്പോ ഴാണ് ബ്രാഹ്മണ ജീവിതം ധാരണ ചെയ്തത്. ഇത് കല്പം മുമ്പുള്ള അതേ പരിധിയില്ലാത്ത അച്ഛനാണ്, പരമ ആത്മാവാണ്, ഞാനും കല്പം മുമ്പുള്ള ശ്രേഷ്ഠമായ ആത്മാവാണ്, അധികാരി ആത്മാവാണ്- ഈ തിരിച്ചറിവിന് ശേഷം നിർണ്ണയിച്ചു. ബാബയെ തിരിച്ചറിയാതെ നിർണ്ണയിക്കാൻ സാധിക്കില്ല. ചില ആത്മാ ക്കൾ ഇപ്പോഴും സംബന്ധ സമ്പർക്കത്തിൽ, വളരെ നല്ലത്, വളരെ നല്ലത് എന്ന് പറഞ്ഞു കൊണ്ടിരി ക്കുന്നു എന്നാൽ പരമാത്മാവിനെ തിരിച്ചറിയാനുള്ള ശക്തിയില്ലാത്തത് കാരണം എന്താകണം, എന്ത് ചെയ്യണം എന്ന് തിരിച്ചറിയാൻ സാധിക്കുന്നില്ല, അതിനാൽ ബ്രാഹ്മണ ജീവിതം ധാരണ ചെയ്യാൻ സാധി ക്കുന്നില്ല. സഹയോഗിയായി മാറുന്നു എന്നാൽ സഹജയോഗീ ജീവിതം നയിക്കാൻ സാധിക്കുന്നില്ല കാരണം രണ്ട് ശക്തികളുമില്ല, അതിനാൽ ഹോളീഹംസമാകാൻ സാധിക്കുന്നില്ല. പവിത്രതയാകുന്ന മുത്തും അപ വിത്രതയാകുന്ന കല്ലും- രണ്ടിനെയും വേറെയാണെന്ന് മനസ്സിലാക്കാത്തതിനാൽ പവിത്രതയെ ഗ്രഹിക്കാ നുള്ള ശക്തി ഉണ്ടാകുന്നില്ല. അതിനാൽ ഹോളീ ഹംസത്തിന്റെ വിശേഷതയാണ് ആദ്യത്തെ ശക്തി- തിരി ച്ചറിയുക. നിങ്ങൾ ഹോളീഹംസങ്ങളിൽ ഈ രണ്ട് ശക്തികളുമില്ലേ? കാരണം ബാബയെ തിരിച്ചറിഞ്ഞു, സ്വയത്തെ തിരിച്ചറിഞ്ഞു, ശരിയായി നിർണ്ണയിച്ചു അപ്പോഴാണ് ബ്രാഹ്മണനായത്, മുന്നോട്ടു പൊയ്ക്കൊ ണ്ടിരിക്കുന്നത്. ഈ കാര്യത്തിൽ സർവ്വരും പക്കാ പാസാണ്. എന്നാൽ സേവനം ചെയ്യുന്നു, കർമ്മത്തിൽ വരുന്നു, സംബന്ധ സമ്പർക്കത്തിൽ വരുന്നു, അതിൽ ഓരോ കർമ്മവും സഫലതാപൂർവ്വമായിരിക്കണം അഥവാ സമ്പർക്കത്തിൽ വരുന്ന ആത്മാക്കളുടെ സംബന്ധത്തിൽ വരുന്നതിൽ സദാ സഫലതയുണ്ടായി രിക്കണം. ഓരോ പ്രകാരത്തിലുള്ള സേവനം- മനസ്സാ-വാചാ-കർമ്മണ- മൂന്നിലും സദാ സഫലത അനു ഭവപ്പെടണം, അതിന്റെയും ആധാരം തിരിച്ചറിയാനുള്ള ശക്തിയും, നിർണ്ണയിക്കാനുള്ള ശക്തിയുമാണ്. ഇതിൽ ഫുൾ പാസാണോ?

സേവനത്തിന്റെ സഫലത അഥവാ സമ്പർക്കത്തിൽ സഫലത സദായില്ലാത്തതിന്റെ കാരണം ചെക്ക് ചെയ്യൂ- കാര്യത്തെ, വ്യക്തിയെ, ആത്മാവിനെ തിരിച്ചറിയാനുള്ള ശക്തിയിൽ വ്യത്യാസം ഉണ്ടാകുന്നു. ഏത് ആത്മാവിന് ഏത് സമയത്ത് വിധി പൂർവ്വം സഹയോഗം വേണമോ അഥവാ ശിക്ഷണം വേണമോ, സ്നേഹം വേണമോ, ആ സമയത്ത് തിരിച്ചറിയാനുള്ള ശക്തി തീവ്രമാണെങ്കിൽ തീർച്ചയായും സംബന്ധ ത്തിൽ സഫലത പ്രാപ്തമാകും. പക്ഷെ എന്താണ് സംഭവിക്കുന്നത്? ഏത് ആത്മാവിന്, എന്ത് സഹയോഗം അഥവാ വിധി ആ സമയത്ത് വേണമോ അത് നല്കാതെ അഥവാ തിരിച്ചറിയാത്തത് കാരണം തന്റെ രീതി യിലൂടെ അവർക്ക് സഹയോഗം നല്കുന്നു അഥവാ വിധി സ്വന്തമാക്കുന്നു, അതിനാൽ സന്തുഷ്ടതയുടെ സഫലതയുണ്ടാകുന്നില്ല. ശരീരത്തിന്റെ രോഗത്തെ തിരിച്ചറിയാനുള്ള വിധി ഡോക്ടർക്ക് അറിയില്ലായെ ങ്കിൽ എന്ത് സംഭവിക്കും? ശരിയാകുന്നതിന് പകരം ഒന്നിൽ നിന്നും അനേക രോഗങ്ങൾ ഉണ്ടാകുന്നു. രോഗിക്ക് സന്തുഷ്ടതയുടെ സഫലത ലഭിക്കുന്നില്ല. അതിനെ തന്നെ സാധാരണ ശബ്ദങ്ങളിൽ ബാപ്ദാദ പറയുന്നു- ഓരോരുത്തരുടെയും നാഡി മനസ്സിലാക്കൂ. നടക്കുകയും നടത്തിക്കുകയും വേണം. അതി നാൽ എന്ത് ചെയ്യണം? തിരിച്ചറിയാനുള്ള ശക്തിയെ തീവ്രമാക്കണം. ഇതിൽ വ്യത്യാസം അനുഭവപ്പെടുന്നു. ഇതിനെ താങ്കൾ സാധാരണ ഭാഷയിൽ പറയാറുണ്ട് - ഇവർ കൈകാര്യം ചെയ്യുന്നതിൽ വ്യത്യാസമുണ്ടെന്ന്. ഇവരുടെ കൈകാര്യം പഴയ രീതിയിലാണ്, ഇവരുടെ പുതിയ രീതിയിലാണെന്ന് പറയില്ലേ. ഈ വ്യത്യാസം എന്തുകൊണ്ടാണ് ? സമയത്തിനനുസരിച്ച് ഓരോ ആത്മാവിനെയും ഓരോ കാര്യത്തെയും തിരിച്ചറിയാനുള്ള

ശക്തി ആവശ്യമാണ്. തിരിച്ചറിയാനുള്ള ശക്തി മുഴുവനായും വന്നു കഴിഞ്ഞു എന്നാൽ വിസ്താരത്തിൽ പരിധിയില്ലാത്ത രീതിയിലുള്ള തിരിച്ചറിവിന്റെ ശക്തിയുടെ ആവശ്യമുണ്ട്. അതും ആ സമയത്ത് ആത്മാവിന്റെ ഗ്രഹണ ശക്തി എത്രത്തോളമാണുള്ളത്, വായുമണ്ഡലമെങ്ങനെയാണ്.... ആ സമയത്ത് ആത്മാവിന് കേൾക്കുന്നതിനും പഠിക്കുന്നതിനുമുള്ള മൂഡ് (അവസ്ഥ) എങ്ങനെയാണ്....ശക്തിഹീനമായ ശരീരമുള്ള വ്യക്തിക്ക് കൂടുതൽ ശക്തിയുള്ള കുത്തിവയ്പ്പ് നല്കിയാൽ എന്ത് സംഭവിക്കും? അവർക്ക് ഹൃദയസ്തംഭനം ഉണ്ടാകും. ശാന്തിയിലേക്ക് പോകും. അതേപോലെ സംബന്ധത്തിൽ വരുന്ന ആത്മാവ് ശക്തിഹീനമാണെങ്കിൽ, ആത്മാവിൽ ധൈര്യമില്ലായെങ്കിൽ നിങ്ങൾ അവർക്ക് അവരുടെ മൂഡ്, സമയം, അന്തരീക്ഷത്തെ തിരിച്ചറിയാതെ ശിക്ഷണത്തിന്റെ ഡോസ് നൽകിക്കൊണ്ടേയിരിക്കുകയാണെങ്കിൽ ഫലമെന്താകും? ഒന്ന് നിരാശരാകും, ശക്തിയില്ലാത്തത് കാരണം ഗ്രഹിക്കാൻ സാധിക്കില്ല, കൂടുതൽ വാശി കാണിക്കുന്നതിലും തെളിയിക്കുന്നതിലും മുഴുകും. നിങ്ങൾ ശ്രേഷ്ഠ ഭാവനയിലൂടെ ചെയ്തു എന്നാൽ സഫലത ലഭിക്കാത്തതിന്റെ കാരണം തിരിച്ചറിയാനും നിർണ്ണയിക്കാനുമുള്ള ശക്തി കുറവാണ്, അതിനാൽ സഫലതാ മൂർത്താകുന്നതിൽ ശതമാനം ഉണ്ടാകുന്നു. അതിനാൽ മുഴുവൻ ദിനത്തിന്റെ കർമ്മത്തിലും സംബന്ധത്തിലും തിരിച്ചറിയാനുള്ള ശക്തി ആവശ്യമായില്ലേ അതു കൊണ്ട് ശിക്ഷണം നല്കിക്കോളൂ പക്ഷെ സർവ്വ കാര്യങ്ങളെയും തിരിച്ചറിഞ്ഞ് ചുവട് വയ്ക്കൂ. അതേപോലെ സേവനത്തിലും ആത്മാക്കളുടെ ആവശ്യവും ഇച്ഛയും തിരിച്ചറിയാതെ എത്ര തന്നെ ജ്ഞാനം നല്കിയാലും, എത്ര തന്നെ പരിശ്രമിച്ചാലും സഫലത പ്രാപ്തമാകില്ല. നല്ലത്-നല്ലത് എന്ന് പറയുന്നത് ഒരു രീതി സമ്പ്രദായമായി കാരണം നിങ്ങൾ മോശമായ കാര്യമൊന്നും പറയുന്നില്ല. എന്നാൽ സഫലതയുടെ ലക്ഷ്യത്തിന് സമീപത്താണെന്ന് അനുഭവം ചെയ്യൂ, അതിന് വേണ്ടി തിരിച്ചറിയാനുള്ള ശക്തി വളരെ ആവശ്യമാണ്. ചിലർക്ക് മുക്തിയുടെ ഇച്ഛയുണ്ട്, അവർക്ക് നിങ്ങൾ ജീവൻമുക്തിയും മുക്തിയും- രണ്ടും നല്കിയാലും ആ താല്പര്യം ഉണ്ടായിരിക്കില്ല ദാഹിച്ചിരിക്കുന്ന ആൾക്ക് 36 പ്രകാരത്തിലുള്ള ഭോജനം നല്കിയാലും, ജലത്തിന്റെ ഒരു തുള്ളിയിൽ നിന്നേ അവർക്ക് സന്തുഷ്ടത ലഭിക്കൂ, ഭോജനത്തിലൂടെ ലഭിക്കില്ല. അതിനാൽ മുക്തിയുടെ ഇച്ഛയെ തിരിച്ചറിഞ്ഞ് അവർക്ക് മുക്തിയെ കുറിച്ച് സ്പഷ്ടമാക്കി കൊടുത്താൽ അവരുടെ ഇച്ഛയും വർദ്ധിക്കും, ജീവൻമുക്തിയിൽ പരിവർത്തനപ്പെടുകയും ചെയ്യും. ധാരണയ്ക്കുള്ള കാര്യങ്ങൾ കേൾക്കാൻ ഇഷ്ടപ്പെടുന്നവർക്ക് നിങ്ങൾ 5000 വർഷത്തിന്റേയോ ഗീതയുടെ ഭഗവാൻ ആരാണെന്ന കാര്യം കേൾപ്പിക്കാൻ ആരംഭിച്ചാൽ താല്പര്യമോയില്ലാതാകും അതിനാൽ സേവനത്തിലും ആത്മാവിന്റെ സ്ഥിതി അഥവാ അവസ്ഥയെന്താണ്- അതിനെ തിരിച്ചറിയേണ്ടത് ആവശ്യമാണ്. അപ്പോൾ സേവനത്തിൽ സഫലതയുടെ ആധാരം ഏത് ശക്തിയാണ്? തിരിച്ചറിയാനുള്ള ശക്തിയുണ്ടായിരിക്കണം. അജ്ഞാനി ആത്മാക്കളുടെ സേവനമാകട്ടെ, സേവനത്തിലെ സാഥി ആത്മാക്കളുടെ സേവനമാകട്ടെ- രണ്ടിലും സഫലതയുടെ ആധാരം ഒന്ന് തന്നെയാണ്. അതിനാൽ ഹോളീ ഹംസത്തിന്റെ വിശേഷതയാണ്- ഏറ്റവും ആദ്യം തിരിച്ചറിയാനുള്ള ശക്തിയെ വർദ്ധിപ്പിക്കൂ. തിരിച്ചറിയാനുള്ള ശക്തി യഥാർത്ഥമാണ്, ശ്രേഷ്ഠമാണ് അതിനാൽ നിർണ്ണയും ശ്രേഷ്ഠമായിരിക്കും, നിങ്ങൾ ആർക്ക് എന്ത് നല്കാൻ ആഗ്രഹിക്കുന്നുവൊ അവരിൽ ഗ്രഹിക്കാനുള്ള ശക്തി സ്വതവേയുണ്ടായിരിക്കും. പിന്നെയെന്തായി തീരും? നമ്പർവൺ മൂർത്തായി മാറും. അതിനാൽ സേവനത്തിലാകട്ടെ, സംബന്ധത്തിലാകട്ടെ ലക്ഷ്യത്തെ പ്രാപ്തമാക്കുന്നതിന് ഈ ലക്ഷണത്തെ ധാരണ ചെയ്യൂ

അതിനാൽ മുഴുവൻ ദിനത്തിൽ ചെക്ക് ചെയ്യൂ- മുഴുവൻ ദിനത്തിന്റെ ദിനചര്യയിൽ തിരിച്ചറിയാനുള്ള ശക്തി എത്രത്തോളം യഥാർത്ഥമായി, എവിടെയൊക്കെ കറക്ക്ഷനും എഡീഷനും (തിരുത്താനും മാറ്റാനും) ചെയ്യേണ്ട ആവശ്യമുണ്ട്. ചെയ്തതിന് ശേഷം തനിയെ തന്നെ കറക്ക്ഷൻ ഉണ്ടാകുന്നു കാരണം ദിവ്യ ബുദ്ധിയുടെ വരദാനം സർവ്വർക്കും ലഭിച്ചിരിക്കുന്നു. പ്രശ്നത്തിന് വശപ്പെട്ട്, സമയം അഥവാ പരിതസ്ഥിതിക്ക് വശപ്പെട്ട് അഥവാ ഏതെങ്കിലും ആത്മാക്കൾക്ക് വശപ്പെട്ട് അഥവാ മായയിലൂടെ മൻമത്തിന് വശപ്പെട്ട്, ആ സമയത്ത് പരവശരാകുന്നു എന്നാൽ സമയം, പരിതസ്ഥിതി, കൂട്ടുക്കെട്ടിന്റെ പ്രഭാവം, മൻമത്തിന്റെ പ്രഭാവം ഭാരരഹിതമാകുമ്പോൾ ദിവ്യ ബുദ്ധി പ്രവർത്തിക്കാൻ തുടങ്ങും, അതിനെയാണ് നിങ്ങൾ പറയുന്നത് ആവേശത്തിൽ നിന്നും ബോധത്തിലേക്ക് വന്നു എന്ന്. പിന്നെ തിരിച്ചറിവുണ്ടാകുന്നു- ഇന്ന കറക്ക്ഷൻ അഥവാ എഡീഷൻ ചെയ്യണമായിരുന്നുവെന്ന്. എന്നാൽ റജിസ്റ്ററിൽ അഥവാ കർമ്മത്തിന്റെ കണക്കിന്റെ ബുക്കിൽ കറയില്ല, പക്ഷെ ബിന്ദു വന്നു, എന്നാലും തീർത്തും ശുദ്ധമല്ലല്ലോ... അതിനാലാണ് പറയുന്നത് കർമ്മത്തിന്റെ ഗതി അതി ഗുഹ്യമാണെന്ന്.

ടീച്ചേഴ്സ് കർമ്മത്തിന്റെ കളിയെ നല്ല രീതിയിൽ മനസ്സിലാക്കിയില്ലേ. ടീച്ചേഴ്സ് മുഴുവൻ ദിനത്തിൽ എന്ത് പാട്ടാണ് പാടുന്നത്- ആഹാ എന്റെ ശ്രേഷ്ഠ കർമ്മത്തിന്റെ കളി, കർമ്മത്തിന്റെ ഗഹനമായ ഗതിയുടെ കളിയല്ല, ശ്രേഷ്ഠമായ കർമ്മത്തിന്റെ കളിയാണ്. ലോകത്തിലുള്ളവർ ഓരോ കർമ്മത്തിൽ, ഓരോ ചുവടിൽ

കർമ്മത്തെ തന്നെയാണ് പഴിച്ചു കൊണ്ടിരിക്കുന്നത്– അയ്യോ.. എന്റെ കർമ്മം.. നിങ്ങൾ പറയും– ആഹാ, ശ്രേഷ്ഠമായ കർമ്മം.... ഇപ്പോൾ ഇതിൽ കൂടുതൽ മുന്നോട്ട് പോകൂ– സദാ ആഹാ ശ്രേഷ്ഠ കർമ്മമായിരിക്കണം സാധാരണ കർമ്മമാകരുത്. കർമ്മത്തെ പഴിക്കുന്നത് സമാപ്തമായില്ലേ എന്നാൽ ശ്രേഷ്ഠ കർമ്മമാകണം ഇതിൽ അടിവരയിടണം. മിക്സായ കർമ്മമാണെങ്കിൽ – സാധാരണമാണെങ്കിലും, ശ്രേഷ്ഠമാണെങ്കിലും സഫലതയും മിക്സാകുന്നു. ഇപ്പോൾ വിശേഷിച്ച് ഈ അറ്റൻഷൻ വയ്ക്കണം – സാധാരണതയെ വിശേഷതയിൽ പരിവർത്തനം ചെയ്യൂ. ഇതിനെ കുറിച്ച് പിന്നീടൊരിക്കൽ കേൾപ്പിക്കാം– ബാപ്ദാദ ഓരോരുത്തരുടെയും ദിവസേനയുള്ള ദിനചര്യയിൽ  എന്തെല്ലാം കാണുന്നു? സാധാരണത എത്രത്തോളമുണ്ട്, വിശേഷത എത്രയുണ്ട്– ഈ റിസൾട്ട് കണ്ടു കൊണ്ടിരിക്കുന്നു.

ബാപ്ദാദായുടെയടുത്ത് കാണുന്നതിനുള്ള സാധനങ്ങളുണ്ട്– ഒരേ സമയത്ത് തന്നെ ദേശ– വിദേശത്തെ സർവ്വ കുട്ടികളെയും കാണാൻ സാധിക്കും. വെവ്വേറെ കാണേണ്ട ആവശ്യമില്ല, 5 മിനിറ്റിൽ സർവ്വരെ കുറിച്ചും അറിയാൻ സാധിക്കുന്നു. കുട്ടികളുടെ ആഹാ..ആഹാ... എന്ന ഗീതവും പാടുന്നു, അതോടൊപ്പം സമാനമാക്കുന്നതിന്റെ ലക്ഷ്യത്തോടെ ചെക്കും ചെയ്യുന്നു. കേൾപ്പിച്ചിരുന്നില്ലേ– ബാബയുടെ സ്നേഹം അഥവാ ബാബയുടെ തിരിച്ചറിവ് –ഇതിൽ സർവ്വരും പാസായി, ഇടയ്ക്കിടയ്ക്ക് അത്ഭുതത്തിന്റെ കാര്യവും ചെയ്യുന്നു. നല്ല അത്ഭുതമാണ്, പൊട്ടിത്തെറിയുടെ അത്ഭുതമല്ല. ചില കുട്ടികൾ പൊട്ടിത്തെറിയുടെ അത്ഭുതം കാണിക്കുന്നു. സംഭവിക്കുന്നത് പൊട്ടിത്തെറിയാണ് എന്നാൽ പറയുന്നു– ഇതെന്റെ അത്ഭുതമാണ് എന്ന് അതിനാൽ ബാപ്ദാദ പറയുന്നു– തിരിച്ചറിയാനുള്ള ശക്തിയെ വർദ്ധിപ്പിക്കൂ. തന്റെ കർമ്മത്തെയും തിരിച്ചറിഞ്ഞാലേ മറ്റുള്ളവരുടെ കർമ്മത്തെയും യഥാർത്ഥമായി തിരിച്ചറിയാൻ സാധിക്കൂ. തലകീഴായതിനെ നേരെയുള്ളതെന്ന് പറയില്ല. ഇത് തിരിച്ചറിയാനുള്ള ശക്തിയുടെ കുറവാണ്. സദാ ഒരു കാര്യം ഓർമ്മിക്കൂ സർവ്വർക്കും വേണ്ടി പറയുകയാണ്– എപ്പോഴെങ്കിലും വ്യർത്ഥമോ സാധാരണമോ ആയ കർമ്മം ചെയ്യുകയാണെങ്കിൽ സ്വയത്തെ തിരിച്ചറിയാൻ സാധിക്കുന്നില്ല– ഇത് തെറ്റാണോ ശരിയാണോയെന്ന്, അപ്പോൾ അങ്ങനെയുള്ള പരിതസ്ഥിതി വരുമ്പോൾ വശപ്പെട്ടു പോകുന്നു, ആ സമയത്ത് അങ്ങനെയുള്ള പരിതസ്ഥിതിയിൽ സിദ്ധി പ്രാപ്തമാക്കുന്നതിനുള്ള ശ്രേഷ്ഠമായ വിധിയെന്താണ്? കാരണം ആ സമയത്ത് ബുദ്ധി വശപ്പെട്ടിരിക്കുന്നു. ശരിയെയും തെറ്റാണെന്ന് മനസ്സിലാക്കുന്നു, തെറ്റിനെ തെറ്റാണെന്ന് മനസ്സിലാക്കുന്നില്ല, ശരിയാണെന്ന് മനസ്സിലാക്കുന്നു. പിന്നെ വാശി പിടിക്കുന്നു അഥവാ തെളിയിക്കാൻ ശ്രമിക്കുന്നു. ഇതാണ് ബുദ്ധി വശപ്പെട്ടതിന്റെ ലക്ഷണം. അങ്ങനെയുള്ള സമയത്ത് സദാ ഒരേയൊരു ബാപ്ദാദായുടെ ശ്രേഷ്ഠമായ നിർദ്ദേശത്തെ ഓർമ്മിക്കൂ– ആരെയാണോ ബാബ നിമിത്തമാക്കിയത്, ആ നിമത്തമായ ആത്മാക്കൾ നല്കുന്ന നിർദ്ദേശങ്ങൾക്ക് മഹത്വം നല്കണം. ആ സമയത്ത് ഇങ്ങനെ ചിന്തിക്കരുത്– ആരോ പറഞ്ഞിട്ടാണ് നിമിത്തമായവർ പറയുന്നത് എന്ന്,. ഇവിടെ ചതിവിൽപ്പെടുന്നു. നിമിത്തമായ ശ്രേഷ്ഠാത്മാക്കളിലൂടെ എന്ത് ശിക്ഷണമാണോ നിർദ്ദേശമാണോ ലഭിക്കുന്നത്, അതിനെ ആ സമയത്ത് മഹത്വം നല്കുന്നതിലൂടെ തെറ്റായ കാര്യം സംഭവിച്ചാലും ആ തെറ്റ് പരിവർത്തനപ്പെട്ട് നിങ്ങൾക്ക് ശരിയായി മാറും. അതിനാൽ നിമിത്തമായ ആത്മാക്കളെ പ്രതി ഒരിക്കലും വ്യർത്ഥ സങ്കല്പം ഉണ്ടാകരുത്. നിങ്ങൾക്കിഷ്ടപ്പെടാത്ത എന്തെങ്കിലും തീരുമാനം നല്കിയാലും, നിങ്ങൾക്കതിൽ ഉത്തരവാദിത്വമില്ല. നിങ്ങൾക്ക് പാപമുണ്ടാകില്ല. നിങ്ങളുടെ കാര്യം ശരിയായിക്കോളും കാരണം ബാബ ഇരിക്കുന്നുണ്ട്. ബാബ പാപത്തെ പരിവർത്തനപ്പെടുത്തും. ഇത് ഗുഹ്യമായ രഹസ്യമാണ്. ഗുപ്തമായ മെഷിനറിയാണ്. അതിനാൽ നിമിത്തമായ ശ്രേഷ്ഠാത്മാക്കളുടെ ശ്രേഷ്ഠമായ നിർദ്ദേശങ്ങളെ മഹത്വത്തോടെ കാര്യത്തിൽ ഉപയോഗിക്കൂ. ഇതിൽ നിങ്ങൾക്കാണ് നേട്ടമുള്ളത്, നഷ്ടവും നേട്ടത്തിലേക്ക് പരിവർത്തനപ്പെടും. ഇത് ബാബ നല്കുന്ന ഗ്യാരന്റിയാണ്. മനസ്സിലായോ? അതിനാൽ കേൾപ്പിച്ചു–കർമ്മത്തിന്റെ കളി വളരെ വിചിത്രമാണ്. ബാബ ഉത്തരവാദിയാണ്, നിമിത്തമാക്കിയവരുടെ ഉത്തരവാദിത്വവും ബാബയ്ക്കാണ്. നിങ്ങളുടെ പപത്തെ പരിവർത്തനപ്പെടുത്തുന്നതിന്റെ ഉത്തരവാദിത്വവും ബാബയ്ക്കാണ്. വെറുതെയല്ല നിമിത്തമാക്കിയത്, ചിന്തിച്ച്– മനസ്സിലാക്കി ഡ്രാമയുടെ നിയമമനുസരിച്ചാണ് നിമിത്തമാക്കിയത്. മനസ്സിലായോ.

ടീച്ചേഴ്സിന് നല്ലതായി തോന്നുന്നില്ലേ. ഇതിൽ നേട്ടമാണുള്ളത്, ഭാരം ഇല്ലതാകുന്നു. ഏതൊരു കാര്യം വന്നാലും പറയില്ലേ– നിമിത്തമായ മുതിർന്നവർക്കറിയാം എന്ന്. എന്നാൽ വാക്കുകളിൽ മാത്രമല്ല, മനസ്സിലാക്കി, സ്നേഹത്തോടെ, സ്വമാനത്തിലൂടെയാകണം. ഈ ഗുഹ്യമായ കാര്യങ്ങൾ ബാബയ്ക്കറിയാം, വിവേകശാലികളായ കുട്ടികൾക്കുമറിയാം. നിമിത്തമായ ആത്മാക്കളെ കുറിച്ച് എന്തും പറയുക അർത്ഥം ബാബയെ പറയുക. നിമിത്തമാക്കിയത് ബാബയല്ലേ. നിങ്ങൾക്ക് ബാബയേക്കാൾ കൂടുതൽ തിരിച്ചറിയാനുള്ള  ശക്തിയുണ്ടോ?

സർവ്വ കുട്ടികളോടും ബാബയ്ക്ക് അതിയായ സ്നേഹമുണ്ട്. നിമിത്തമായവരോട് കൂടുതൽ സ്നേഹ

മുണ്ട്, മറ്റുള്ളവരോട് കുറവാണ് എന്നല്ല. സ്നേഹം കാരണമാണ് ബാബ നിർദ്ദേശം നല്കുന്നത്. സ്നേഹമില്ലായിരുന്നെങ്കിൽ പറഞ്ഞേനെ– ഇപ്പോഴത്തെ പെരുമാറ്റമെന്താണോ അതു പോലെ തന്നെ നടക്കട്ടെയെന്ന്. ഇത്രയും ധൈര്യം വച്ചിട്ട് ബ്രാഹ്മണ ജീവിത്തതിൽ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു, പറന്നു കൊണ്ടിരിക്കുന്നു അപ്പൾ ചെറിയ ചെറിയ കുറവുകൾ എന്തിന് അവശേഷിക്കണം. ഇതാണ് സ്നേഹം. ആരോടാണോ സ്നേഹമുള്ളത് അവരുടെ കുറവുകൾ ഒരിക്കലും കാണാൻ സാധിക്കുകയില്ല. ഇതാണ് സ്നേഹത്തിന്റെ ലക്ഷണം. ആരോടാണോ ഹൃദയം കൊണ്ട് സത്യമായ സ്നേഹമുള്ളത് അവരുടെ കുറവുകൾ സ്വന്തം കുറവായിട്ട് മനസ്സിലാക്കും. ശരി.

ഏതൊരു കാര്യം ചെയ്യുമ്പോഴും ഒരിക്കലും ചഞ്ചലതയുടെ അന്തരീക്ഷത്തിന്റെ പ്രഭാവത്തിൽ വരാതിരിക്കൂ. തന്റെ പ്രഭാവം പതിയുകയാണെങ്കിൽ അവർ നിങ്ങളുടെ പ്രഭാവത്തിൽ വന്നു ചേരും, ഹൃദയത്തിൽ നിന്നും ഇത് തന്നെ മുഴങ്ങും– സഫലത എന്റെ ജന്മസിദ്ധ അധികാരമാണ്. ധൈര്യത്തിന് വളരെ മഹത്വമുണ്ട്. ഒരിക്കലും ഒരു കാര്യത്തിലും ഭയക്കരുത്. 1000 കൈകളുള്ളവർ നിങ്ങളുമാണ്. ബാബയുടെ ആയിരം കൈകൾ നിങ്ങളുടെയുമായില്ലേ. ശരി.

നാല് ഭാഗത്തുമുള്ള സദാ തിരിച്ചറിയാനുള്ള ശക്തിയുള്ള വിശേഷ ആത്മാക്കൾക്ക്, സദാ ഓരോ കർമ്മത്തിലും സംബന്ധത്തിലും ശ്രേഷ്ഠമായ സഫലത പ്രാപ്തമാക്കുന്ന സഫലതാമൂർത്തായ ആത്മാക്കൾക്ക് സദാ ധൈര്യം, ശുഭ ഭാവന, ശുഭകാമനയിലൂടെ പരിവർത്തനം ചെയ്യുന്ന ശക്തിശാലി ആത്മാക്കൾക്ക്, സദാ ആഹാ എന്റെ ശ്രേഷ്ഠമായ കർമ്മം– എന്ന സന്തോഷത്തിന്റെ ഗീതം പാടുന്ന കുട്ടികൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

**വരദാനം– ശാന്തിയുടെ ശക്തിയിലൂടെ സംസ്ക്കാര മിലനത്തിലൂടെ സർവ്വ കാര്യവും സഫലമാക്കുന്ന സദാ നിർവ്വിഘ്നരായി ഭവിക്കട്ടെ.**

സീ ഫാദർ, ഫോളോ ഫാദർ (അച്ഛനെ കാണുക, അച്ഛനെ അനുകരിക്കുക) ചെയ്യുന്നവർക്കേ നിർവ്വിഘ്നരായിരിക്കാൻ സാധിക്കുകയുള്ളൂ. സീ ബ്രദർ, സീ സിസ്റ്റർ (സഹോദരീ–സഹോദരന്മാരെ കാണുന്നു എങ്കിൽ) ചഞ്ചലതയുണ്ടാകുന്നു അതിനാൽ ഇപ്പോൾ ബാബയെ ഫോളോ ചെയ്ത് ബാബയ്ക്ക് സമാനം സംസ്ക്കാരത്തെയാക്കൂ എങ്കിൽ സംസ്ക്കാര മിലനത്തിന്റെ രാസ്(കളി) ചെയ്ത് കൊണ്ടും സദാ നിർവ്വിഘ്നരായിരിക്കാൻ സാധിക്കും. ശാന്തിയുടെ ശക്തിയിലൂടെ അഥവാ ശാന്തമായിരിക്കുന്നതിലൂടെ എത്ര തന്നെ വലിയ വിഘ്നവും സഹജമായി സമാപ്തമാകുന്നു, സർവ്വ കാര്യങ്ങളും സ്വതവേ സമ്പന്നമാകുന്നു.

**സ്ലോഗൻ– ഏതൊരു കാര്യത്തെയും ഒരു കാലത്തിന്റെ ദൃഷ്ടിയിലൂടെ കാണാതെ ഓരോ കാര്യത്തിലും മംഗളമുണ്ടെന്ന് മനസ്സിലാക്കുന്നവരാണ് ത്രികാലദർശി.**